ശ്രീ. കെ. കരുണാകരൻ: ഓരോ വകുപ്പിനും നീക്കിവയ്ക്കുന്ന സംഖ്യ അത്രയും ശതമാനം അതാത് ഏർപ്പാടിനുവേണ്ടി ചെയ്യുകയാണ്. അതിൽ ആരോഗ്യവകുപ്പിന് നീക്കിവയ്ക്കുന്ന സംഖ്യ മാത്രമേ അതിന്റെ പത്തുശതമാനം ഇതിലേക്ക് ഉപയോഗിക്കാൻ സാദ്ധ്യമാകുകയുള്ളു.

ശ്രീ. ബെന്നിബഹനാൻ: സ്റ്റെപെഷ്യൽ കമ്പോണന്റ് സ്കീമനുസരിച്ച് ഇന്ന നമ്മുടെ സ്വന്തം സ്ഥാനത്ത് എത്ര ആശുപത്രിക്കെട്ടിടങ്ങൾ പണിതിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: അതിന് ഒരു പ്രത്യേകമായ ചോദ്യം വേണം.

(ചോദ്യം 503 പോദിച്ചില്ല)

"ക്രിസ്തുവിന്റെ ആറാംതിരുമുറിവ്" എന്ന നാടകം

*473 [504] ശ്രീ. സിറിയക് ജോൺ:
,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സൂര്യകാന്തി തിയേറ്റേഴ്സിന്റെ "ക്രിസ്തുവിന്റെ ആറാംതിരുമുറിവ്" എന്ന നാടകം ഏതെങ്കിലും ജില്ലയിൽ നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ;

(ബി) ഈ നാടകം നിരോധിക്കാനുള്ള കാരണമെന്തെല്ലാം;

(സി) നിരോധന ഉത്തരവ് ലംഘിച്ച് എവിടെയെങ്കിലും നാടകം അവതരിപ്പിച്ചിട്ടുണ്ടോ;

(ഡി) നിരോധന ഉത്തരവ് ലംഘിച്ചതിന്റെ പേരിലോ മറ്റോ നാടകകൃത്തിനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ കേസെടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ നിരോധിച്ചിട്ടുണ്ട്.

(ബി) ക്രമസമാധാനലംഘനമുണ്ടാകുമെന്ന് ജില്ലാ അധികാരികൾക്ക് ബോദ്ധ്യമായതിനാലാണ് കേരള ഡ്രമാറ്റിക് പെർഫോമൻസ് ആക്ട് സെക്ഷൻ '4' അനുസരിച്ച് ഈ നാടകത്തിന്റെ അവതരണം ജില്ലാ കളക്ടർമാർ നിരോധിച്ചത്.

(സി) ഇല്ല.

(ഡി) നിരോധന ഉത്തരവ് ലംഘിച്ചതിന്റെ പേരിൽ നാടകകൃത്തിനെ അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ നാടകത്തിന്റെ കയ്യെഴുത്തുപ്രതി, 1986 ആഗസ്റ്റ് 6-ാം തീയതി ആലപ്പുഴ ടൗൺ സർക്കിൾ ഇൻസ്പെക്ടർ പിടിച്ചെടുക്കുകയും ഐ.പി.സി. 295 (എ) വകുപ്പുപ്രകാരം ക്രൈം നമ്പർ 291/86 ആയി ഒരു കേസ് എടുക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും നാടകകൃത്തായ ശ്രീ. പി.എം. ആൻറണിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതുകൂടാതെ നവംബർ മാസം 10-ാം തീയതി വൈകിട്ട് 4.20-ന് ശ്രീ. പി.എം. ആൻറണിയെയും, നാടകത്തിലെ അഭിനേതാക്കളായ 20 പേരെയും, ആലപ്പുഴ കോൺവൻറ് റോഡിനടുത്തു വച്ച് ടൗൺ സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റ് ചെയ്യുകയുണ്ടായി. അവർ നാടകത്തിൽ തങ്ങൾ അഭിനയിക്കുന്ന കഥാപാത്രങ്ങളുടെ വേഷം മണിഞ്ഞ് കാഞ്ഞിരംചിറ മുതൽ ആലപ്പുഴ ടൗൺവരെ ഒരു പ്രകടനം നടത്തിവരികയായിരുന്നു. അവരുടെ പേരിൽ ക്രൈം 441/86 അണ്ടർ സെക്ഷൻ 43, 143, 147, 149, 295 (എ) ഐ.പി.സി. പ്രകാരം ആലപ്പുഴ ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും, അവരെ 11-ാം തീയതി കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കോടതി അവരെ ജാമ്യത്തിൽ വിട്ടു.

പുതിയ ചെറിയ തുറമുഖങ്ങളും, കായ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും

*474 [505] ശ്രീമതി പി. ദേവകി:
ശ്രീ. ടി.കെ. അബ്ദു:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പുതുതായി ചെറിയ തുറമുഖങ്ങളും, ചെറിയ കായ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെ എല്ലാം?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) താഴെ മത്സ്യബന്ധന തുറമുഖങ്ങൾ:

(1) പുതിയാപ്പ
(2) മുനമ്പം
(3) ചോമ്പാൽ
(4) പെരുമ്പത്തൂർ
(5) പേനുവാ
(6) തോട്ടപ്പള്ളി
(7) കായംകുളം
(8) തങ്കശ്ശേരി
(9) മുതലപ്പൊഴി

LIBRARY ARCHIVES Kerala Legislative Assembly